പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.
(ഹാജർ ശ്രീ.എച്ച്. ദിനേശൻ ഐ എ എസ്)

വിഷയം:- പഞ്ചായത്ത് വകുപ്പ് ഭരണ ജാഗ്രത-ഇടുക്കി ജില്ല ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സുരേന്ദ്രനെ സേവനത്തിൽ നിന്നും സസ്പെൻഡു ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:-വകുപ്പ തല വിജിലൻസ് വിഭാഗം 29.12.2018 ൽ പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ വച്ച് ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധന നടത്തി നൽകിയതായ റിപ്പോർട്ട്.

A2-135/19
7/1/19

**ഉത്തരവ് നമ്പർ: PAN/96/2019-D8(DP) തീയതി : 05.01.2019**

ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനം ചെയ്തു വരുന്ന ശ്രീ.സുരേന്ദ്രൻ, ജി.ഒ.(എം.എസ്)170/07 തസ്വഭവ 30.06.2007 ഉത്തരവിന്റെ അടിസ്ഥാനത്തിൽ Mahindra Bolero 2 Wheel Drive Reg. No. KL 06 F 4309, Mahindra Bolero Climber 4x4 Reg. No KL 68 A 1857(NEW), Honda Unicorn Bike Reg.No. KL 68 3170 എന്നീ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറാണ്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ ടിയാനിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലയുമാണ്. എന്നാൽ ദേവികുളത്ത് ബേസ് ക്യാമ്പ് പ്രവർത്തിക്കുന്നതായ ടി പഞ്ചായത്തിന്റെ ഓഫീസ് സ്ഥിതി ചെയ്യുന്ന സൊസൈറ്റി മുക്ക വരെ പോകുന്നതിനും മറ്റു പല യാത്രകൾക്കുമായി പല വാഹനങ്ങളും പല തവണകളായി വാടകയ്ക്ക് എടുക്കുകയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാ യിരിക്കുന്ന ടിയാൻ പേമെന്റ് നടത്തിയിരിക്കുന്നതായും വകുപ്പ് വിജിലൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽ പ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ഇടമലക്കുടിയിലേക്കും മറ്റു യാത്രകൾക്കും ഉപയോഗിച്ചതും സെക്രട്ടറി പേമെന്റ് നൽകിയിട്ടുള്ളതുമായ ഏകദേശം 12 ൽ പരം വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വൗച്ചറിൽ വാഹനങ്ങളെല്ലാം 4X4 സംവിധാനമുള്ള ജീപ്പുകൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി വാഹനങ്ങൾ നിരവധി തവണ ഉപയോഗിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ പരാമർശിക്കുന്നു. എന്നാൽ KERALA MOTOR VEHICLES DEPARTMENT ന്റെ ഔദ്യോഗിക വെബ് സൈറ്റ് പരിശോധിച്ചതിൽ നിരവധി തവണ ഉപയോഗിച്ചതായ 2 വാഹനങ്ങളുടെ വിവരം താഴെ പറയും പ്രകാരമാണെന്ന് കണ്ടെത്തുകയുണ്ടായി .

| | | | |
|---|---|---|---|
| 1 | KL 01-AG-8209 | DGP, KERALA | BULLET |
| 2 | KL - 13 K 2743 | KARUNAKARAN | BIKE |

ടി പട്ടികയിലുള്ള ക്രമ നമ്പർ 1 ആയ വാഹനം സംസ്ഥാന പോലീസ് മേധാവിയുടെ പേരിലുള്ള Royal Enfield Bullet ആണ്. എന്നാൽ ടി നമ്പർ വാഹനം 4x4 ജീപ്പ് എന്ന് കാണിച്ച് ഇടമലക്കുടിയിലേക്ക് ജീവനക്കാരുമായി പോയി വന്നതായി

രേഖപ്പെടുത്തി 2500 രൂപ നിരക്കിൽ ട്രിപ്പ് ഷീറ്റ് പ്രകാരം തുക നൽകിയിട്ടുള്ളതായി കണ്ടെത്തി. ക്രമ നമ്പർ 2 ആയ വാഹനം Non transport 2 Wheeler വാഹനമാണ്. ടി നമ്പർ വാഹനം 4x4 ജീപ്പ് എന്ന് കാണിച്ച് നിരവധി തവണ ഇടമലക്കുടിയിലേക്ക് ജീവനക്കാരുമായി പോയി വന്നതായി രേഖപ്പെടുത്തി 2500 രൂപ നിരക്കിൽ ട്രിപ്പ് ഷീറ്റ് പ്രകാരം തുക നൽകിയിട്ടുള്ളതായും വാടകയ്ക്ക് എടുക്കുന്ന വാഹനങ്ങൾക്ക് ഡീസൽ അടിച്ച് നൽകിയിട്ടുള്ളതായും വൗച്ചർ പ്രകാരം കണ്ടെത്തിയിരിക്കുന്നു. വൗച്ചറിനൊപ്പം എല്ലാ രേഖകളും സൂക്ഷിച്ചിട്ടില്ലാത്തതും . മിക്ക അപേക്ഷകളിലും സെക്രട്ടറി തുക അനുവദിച്ചതായിട്ടുമാണ് രേഖപ്പെടുത്തിയിരിക്ക ന്നതെന്ന് വിജിലൻസ് വിഭാഗം കണ്ടെത്തുകയുണ്ടായി. കൂടാതെ ഗുരുതരമായ താഴെ പറയുന്ന വീഴ്ചകളും പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പരിശോധിച്ച ഒരു കണ്ടിജന്റ് ബില്ലിൽ പോലും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒപ്പ് വച്ചിട്ടില്ല. തുക കൈപ്പറ്റിയതായുള്ള രസീത് വൗച്ചറുകളോടൊപ്പം കണ്ടെത്താനായിട്ടില്ല.ചില അപേക്ഷകളിൽ Trip Sheet വച്ചിട്ടില്ല. വൗച്ചറുകൾ ബന്ധപ്പെട്ട PAU Audit പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. വേണ്ടത്ര പരിശോധനയോ നിർദ്ദേശമോ PAU ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഉണ്ടാകാത്തത് കാരണം വൗച്ചറുകളിൽ ക്രമപ്രകാരമല്ലാതെ സൂക്ഷിക്കുന്നതായും അലംഭാവത്തോടെ കൈകാര്യം ചെയ്തിട്ടുള്ളതായും കണ്ടെത്തുകയുണ്ടായി. വാഹനം വാടകയ്ക്ക് എടുത്തതിൽ ഗുരുതരമായ ക്രമക്കേടുകളും കണ്ടെത്തുന്നതിന് കഴിഞ്ഞു. 2018 ഫെബ്രുവരി മാസം ഗ്രാമപഞ്ചായത്തിന്റെ വാഹനം അപകടത്തിൽപ്പെട്ടിരുന്നു. ആയതിനെ തുടർന്ന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു Chevorlet Tavera (KL 43 A 5362) വാഹനം വാടകയ്ക്ക് എടുത്തിരുന്നു. ഡൈവർ, ഡീസൽ എന്നിവ കൂടാതെ പ്രതിദിനം 1100 രൂപ നിരക്കിലാണ് വാടകയ്ക്ക് എടുത്തിരുന്നത്. ടി വാഹനത്തിന് ഡീസൽ ചിലവായി ഗ്രാമപഞ്ചായത്ത് താഴെ സൂചിപ്പിച്ചിരിക്കുന്നപ്രതിമാസം 30,000 രൂപ വരെ മുടക്കിയിട്ടുള്ള തായും ടി വാഹനം ഗ്രാമപഞ്ചായത്തിലെ ദിവസവേതന ഡ്രൈവർ ഓടിക്കുന്നതുമാകുന്നു. നിയമാനുസരണമല്ലാതെ വാഹനം വാടകയ്ക്ക് എടുത്തതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി യുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച വന്നിട്ടുള്ളതായും ടി വാഹനം ചില മാസങ്ങളിൽ എല്ലാ ദിവസവും ഉപയോഗിച്ചതായും രേഖകൾ പ്രകാരം ബോദ്ധ്യപ്പെട്ടിരുന്നു. ആയതിലൂടെ ഗ്രാമപഞ്ചായത്തിന് ഭീമമായ തുക പ്രതിമാസം ചെലവിടേണ്ടതായി വന്നു. ഗ്രാമപഞ്ചായ ത്തിന് നിലവിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്ക് തികച്ചും നിരുത്തരവാദപരമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി .

- ലോഗ് ബുക്ക് കാലികമായിട്ടില്ല.
- ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള യാത്രകളിൽ ഒന്നു പോലും സെക്രട്ടറി ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല.

- ഗ്രാമപഞ്ചായത്ത് വാഹനം അപകടത്തിൽപ്പെട്ട വിവരമോ ടി വാഹനത്തിന്റെ അറ്റകുറ്റപണി , മറ്റ് വിവരങ്ങൾ എന്നിവയോ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
- വാഹനത്തിന്റെ മൈലേജ് ടെസ്റ്റ്, മറ്റ് വിവരങ്ങൾ എന്നിവ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.
- വാഹനങ്ങളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിവർഷം 75000/-രൂപയിൽ അധികരിക്കാതെ വാഹനം വാടകയ്ക്ക് എടുക്കാം എന്ന് 03.09.2012 ലെ ജി.ഒ.(ആർ ടി) 2493/2012 തസ്വഭവ സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോളാണ് ആയതിന് യാതൊരു വിലയും കൽപ്പിക്കാതെ തികച്ചും ധിക്കാരപരമായും ധാർഷ്ട്യത്തോടുകൂടിയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതര മായ വീഴ്ചകൾ വരുത്തിയിരിക്കുന്നത്. മേൽ പ്രകാരമുള്ള കുറ്റങ്ങൾ നിലനിക്കുന്നതിനാൽ ടിയാൻ സേവനത്തിൽ തുടരുന്നതു അനുയോജ്യമല്ലായെന്നുകണ്ട് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനം ചെയ്തു വരുന്ന ശ്രീ.സുരേന്ദ്രനെ അച്ചടക്ക നടപടികൾക്ക് വിധേയമാക്കിക്കൊണ്ട് സസ്പെൻഡു ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ അനുവദനീയമായ ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

എച്ച്.ദിനേശൻ ഐ എ എസ്

പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
2. സൂപ്രണ്ട് ഇ- സെക്ഷൻ
3. കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്